അവലോകനം നടത്താറുമുണ്ട്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ തലത്തിലും അവലോകനയോഗം നടത്താറുണ്ട്. പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് 'PLAN SPACE' എന്ന ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം നിലവിലുണ്ട്.

(ബി&സി) നിലവിൽ സംസ്ഥാനത്ത് 181 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. അനുബന്ധമായി* വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനം നടപ്പിലാക്കാൻ ബാധ്യസ്ഥമായതും കേന്ദ്രസഹായം ആവശ്യമായതുമായ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുവരുന്നു.

ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ശാക്തീകരണം

22 (28) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) <u>ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

1. ടി.ബി.ജി.ആർ.ഐ.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ഇക്കോ ടൂറിസം പരിപോഷിപ്പിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി 296 ലക്ഷം രൂപയുടെ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പുവഴി അനുവദിച്ചു.

2. വിപുലീകരിച്ച ടിഷ്യൂകൾചർ ലബോറട്ടറിയുടെ സബ്സെന്റർ കുളത്തൂരിൽ പ്രവർത്തനമാരംഭിച്ചു.

3. ടി.ബി.ജി.ആർ.ഐ. ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി MoEF, DBT, UNDP, KSBB എന്നീ ഫണ്ടിംഗ് ഏജൻസികളിൽ സമർപ്പിച്ച വിവിധ ഗവേഷണ പദ്ധതികൾ അതിന്റെ അവസാന ലെവൽ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള വനഗവേഷണ സ്ഥാപനം

ശാസ്ത്ര-സാങ്കേതിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾക്കുള്ള പ്രാധാന്യം പരിഗണിച്ച് ബഹുമാന്യനായ കേരള മുഖ്യമന്ത്രിയുടെ അതീവ പ്രയോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരള വനഗവേഷണ സ്ഥാപനത്തിൽ 8-11-2018-ൽ ആരംഭിച്ച സംരംഭമാണ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം. കേരള മണ്ണിലെ ധാതുക്കൾ, കീടനാശിനി സാന്നിദ്ധ്യം, സസ്യങ്ങളിൽനിന്നുള്ള ജൈവ തന്മാത്രകൾ, ജലത്തിന്റെ ഗുണനിലവാരം തുടങ്ങി വിവിധ സൂചകങ്ങളുടെ സൂക്ഷ്മ വിശകലനം കൃത്യതയോടെ സാദ്ധ്യമാക്കുന്ന ഉപകരണങ്ങളാണ് ഈ കേന്ദ്രത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമേ അദ്ധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് വിവിധ പരിശോധനാ വിശകലന സമ്പ്രദായങ്ങളിൽ നൈപുണ്യം വരുത്തുവാനുള്ള പരിശീലന പദ്ധതികൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക, ഈ വിഷയങ്ങളിൽ ആവശ്യമായ കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നീ അനുബന്ധ പ്രവർത്തനങ്ങളും കേന്ദ്ര സ്ഥാപക ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു.

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ്

ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പശ്ചാത്തല വികസന സൗകര്യങ്ങൾ ഒരുക്കി ശാസ്ത്രവിഷയങ്ങളിൽ താൽപ്പര്യം ജനിപ്പിക്കാനുതകുന്ന ശാസ്ത്രസമീക്ഷ പോലുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ വികസനകേന്ദ്രം (നാറ്റ്പാക്)

ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന ശാസ്ത്ര-സാങ്കേതിക നയപ്രകാരമുള്ള വിവിധ ഗവേഷണപ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ഥാപനത്തിന്റെ ഗവേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഗ്രാന്റ് ലഭ്യമാക്കി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുവരുന്നു.

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിന്റെ ഭാവിവികസനത്തിനായി ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞൻമാരുൾപ്പെടുന്ന റിവ്യൂ കമ്മിറ്റി തയ്യാറാക്കിയ റോഡ് മാപ്പ് പരിഗണിക്കുന്നതിനായി അമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒരു ഉപസമിതി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതുതായി മാത്തമാറ്റിക്സിൽ Integrated M.Sc. PhD കോഴ്സ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവിഭവ വികസന വിനിയോഗ കേന്ദ്രം

ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ പതിനാല് ശാസ്ത്രജ്ഞരെയും മൂന്ന് ടെക്നിക്കൽ ജീവനക്കാരെയും അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരെയും മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ ബാച്ചിലേഴ്സ് ഹോസ്റ്റൽ നിർമ്മിക്കുകയും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. 2019 ഫെബ്രുവരി 9-ന് തിരുവനന്തപുരത്തെ തോന്നയ്ക്കലിലുള്ള ലൈഫ് സയൻസ് പാർക്കിൽ ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രീഫാബ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായും സ്ഥാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ പരിസ്ഥിതി നയത്തിന്റെ ആവശ്യകത

23 (29) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കാരണമുള്ള ദുരന്തങ്ങൾ രാജ്യത്തേക്ക് വ്യാപിക്കുന്നതായുള്ള സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ ഏറ്റവും പുതിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ സംസ്ഥാനത്തുണ്ടാകാവുന്ന ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് ഈ സർക്കാർസ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ വിശദീകരിക്കുമോ;

(ബി) മഴമൂലമുള്ള പ്രകൃതിദുരന്തങ്ങൾ വർദ്ധിക്കുന്നതിനോടൊപ്പംതന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് മഴക്കുറവും നേരിടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ പരിസ്ഥിതി നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?